പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *263 — 12.03.2018-ൽ മറുപടിക്ക്

# ദേശീയപാതയിൽ മേൽപ്പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുകേഷ്<br>" എ.എം. ആരിഫ്<br>" വി. ജോയി<br>" ജോൺ ഫെർണാണ്ടസ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) ദേശീയപാത നാലുവരിയായി പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി തുറവൂരിനും കഴക്കൂട്ടത്തിനും ഇടയിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ;<br>(ബി) ഇതിനായി ദേശീയപാത അതോറിറ്റി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന് ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും ദേശീയപാത നാലുവരിയായി പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി തുറവൂരിനും കഴക്കൂട്ടത്തിനും ഇടയിൽ കെ.വി.എം ജംഗ്ഷൻ, ചേർത്തല, മാരാരിക്കുളം ജംഗ്ഷൻ, അമ്പലപ്പുഴ ജംഗ്ഷൻ, നങ്ങ്യാർക്കുളങ്ങര ജംഗ്ഷൻ, കരുനാഗപ്പള്ളി ജംഗ്ഷൻ, കൊട്ടിയം ജംഗ്ഷൻ, ചാത്തന്നൂർ ജംഗ്ഷൻ, പാരിപ്പള്ളി ജംഗ്ഷൻ, കല്ലമ്പലം ജംഗ്ഷൻ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖയുടെ വിശകലനം പൊതുമരാമത്ത് ദേശീയപാത വിഭാഗം നടത്തിയിട്ടില്ല. |
| (സി) ഉയർന്ന ജനസാന്ദ്രതയും ഇടുങ്ങിയ റോഡുകളുമുള്ള ആലപ്പുഴ നഗരത്തിൽ ദേശീയപാത കടന്നുപോകുന്ന റ്റി.ഡി.എച്ച്.എസ്.എസ്-ന് സമീപം മുതൽ വൈ.എം.സി.എ പാലം വരെയുള്ള ഭാഗത്ത് ഒരു മേൽപ്പാലം നിർമ്മിച്ചാൽ ഗതാഗത വികസനത്തിനും നഗര വികസനത്തിനും ദീർഘകാലാടിസ്ഥാനത്തിൽ ഗുണകരമാകുമെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) ആലപ്പുഴ നഗരത്തിലെ നിലവിലെ ദേശീയ പാത കടന്നുപോകുന്ന റ്റി.ഡി.എച്ച്.എസ്.എസ്-ന് സമീപം മുതൽ വൈ.എം.സി.എ വരെയുള്ള ഭാഗം കൊമ്മാടിയിൽ തുടങ്ങി കളർകോട് വരെ എത്തിച്ചേരുന്ന ദേശീയ പാതയുടെ പുതിയ ബൈപ്പാസ് പൂർത്തിയാകുമ്പോൾ പ്രസ്തുത ഭാഗം ദേശീയ പാതയിൽ നിന്നും മാറ്റുന്നതായിരിക്കും. |

S. Binod

സെക്ഷൻ ഓഫീസർ